കൂട്ടത്തിൽ, താഴെപ്പറയുന്ന കുറ്റം ചാർത്തലുകൾ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ കണ്ടെത്തുകയും, തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു.

പ്രസ്തുത ബാങ്ക്,

(i) എസ്.എ.എഫ്-ന് കീഴിലുള്ള നിർദ്ദേശങ്ങൾ പാലിക്കാതെ, നിക്ഷേപങ്ങൾക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ വാഗ്ദാനം ചെയ്യുന്നതിനേക്കാൾ ഉയർന്ന നിരക്കിൽ പലിശ വാഗ്ദാനം ചെയ്തു, ഒറ്റ വായ്പയ്ക്ക് അർഹമായ എക്സ്പോഷർ പരിധിയിലും അധികമായി വായ്പകൾ അനുവദിച്ചു, സ്ഥിര നിക്ഷേപങ്ങളുടെ ഈടുകളുടെ അടിസ്ഥാനത്തില്ലാതെയും പുതിയ വായ്പകളും അഡ്വാൻസുകളും അനുവദിച്ചു.

(ii) അവസാനമായി വിലയിരുത്തപ്പെട്ട സി.ആർ.എ.ആർ മൂല്യം നിയമാനുസൃതമായി ആവശ്യമായ 9% നേക്കാൾ കുറവായിരുന്നിട്ടും അംഗങ്ങൾക്ക് ഓഹരി മൂലധനം തിരിച്ചു നൽകി.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് പ്രസ്തുത ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതുമല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ പ്രസ്തുത ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരുവിധ മുൻവിധിയും ഉളവാക്കുന്നതല്ല.

**(പുനീത് പഞ്ചോളി)**

**പത്രക്കുറിപ്പ് :2024-2025/1644**

ചീഫ് ജനറൽ മാനേജർ